**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1507** **11-09-2023 - ൽ മറുപടിയ്ക്ക്**

**അദ്ധ്യാപകരുടെ അന്തർ ജില്ല സ്ഥലം മാറ്റത്തിലെ മാനദണ്ഡങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | അധ്യാപകരുടെ അന്തർജില്ലാ സ്ഥലം മാറ്റങ്ങളുടെ നിലവിലെ പരിധി എത്ര ശതമാനമാണ്; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | അധ്യാപകരുടെ അന്തർജില്ലാ സ്ഥലം മാറ്റങ്ങളുടെ നിലവിലെ പരിധി 10 ശതമാനമാണ്. 24/12/2021 ലെ സ.ഉ (അച്ചടി) നം. 27/2021/പൊ.വി.വ ഉത്തരവ് പ്രകാരമാണ് അന്തർജില്ലാ സ്ഥലംമാറ്റം 10 ശതമാനമാക്കിയിട്ടുള്ളത്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | അന്തർജില്ലാ സ്ഥലം മാറ്റങ്ങളുടെ മാനദണ്ഡത്തിൽ മാറ്റം വരുത്താനിടയായ സാഹചര്യം എന്താണെന്ന് വിശദമാക്കാമോ; | (ബി) | 02/12/1991 ലെ സ.ഉ (പി) നം. 36/91/ പി&എ.ആർ.ഡി ഉത്തരവിൽ ഓരോ വകുപ്പിലെയും ഓരോ വിഭാഗത്തിലെയും ഓരോ വർഷവുമുണ്ടാകുന്ന ഒഴിവുകളുടെ 10 ശതമാനം മാത്രമേ അന്തർ ജില്ല സ്ഥലം മാറ്റത്തിന് നൽകാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ മാനദണ്ഡങ്ങൾ പൊതു വിദ്യാഭ്യാസ വകുപ്പിൽ നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായാണ് 24/12/2021 ലെ സ.ഉ (അച്ചടി) നം. 27/2021/പൊ.വി.വ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. |
| (സി) | മാനദണ്ഡത്തിൽ മാറ്റം വരുത്തിയ കാരണം റാങ്ക് ലിസ്റ്റുകളിൽ നിന്നും നടക്കുന്ന നിയമനം കുറയുന്നു എന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | സ.ഉ (അച്ചടി) നം 27/2021/പൊ.വി.വ തീയതി: 24.12.2021 സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അധ്യാപകരുടെ അന്തർജില്ലാ സ്ഥലംമാറ്റ സംവരണ ശതമാനം 10 ശതമാനമാക്കി കുറയ്ക്കുകയാണ് ചെയ്തിരിക്കുന്നത്. ആയതിനാൽ പ്രസ്തുത മാറ്റം റാങ്ക് ലിസ്റ്റുകളിൽ നിന്നും നടക്കുന്ന നിയമനത്തെ ബാധിക്കുന്നില്ല. |
| (ഡി) | പ്രസ്തുത പോരായ്മ പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (ഡി) | സ.ഉ (അച്ചടി) നം 27/2021/പൊ.വി.വ തീയതി: 24.12.2021 സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അധ്യാപകരുടെ അന്തർജില്ലാ സ്ഥലംമാറ്റ സംവരണ ശതമാനം 10 ശതമാനമാക്കി കുറയ്ക്കുകയാണ് ചെയ്തിരിക്കുന്നത്. ആയതിനാൽ പ്രസ്തുത മാറ്റം റാങ്ക് ലിസ്റ്റുകളിൽ നിന്നും നടക്കുന്ന നിയമനത്തെ ബാധിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ്-അദ്ധ്യാപകരുടെ അന്തർ ജില്ലാ സ്ഥലം മാറ്റം-ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ബാധകമാക്കി ഉത്തരവാകുന്നു.

---

**പൊതു വിദ്യാഭ്യാസ(ജെ) വകുപ്പ്**

സ.ഉ.(അച്ചടി) നം.27/2021/പൊ.വി.വ തീയതി,തിരുവനന്തപുരം, 24/12/2021

---

പരാമർശം:- 1. 02.12.1991 ലെ സ.ഉ(പി) നമ്പർ36/91/പി&എ ആർഡി.

2. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 09.12.2021 തീയതിയിലെ എ1/7906/2020/ഡിജിഇ നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാന സർക്കാർ ജീവനക്കാരുടെ അന്തർജില്ലാ സ്ഥലം മാറ്റത്തിന് പരാമർശം (1) പ്രകാരം ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് പൊതുവായ മാനദണ്ഡങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. പൊതു വിദ്യാഭ്യാസ വകുപ്പിൽ അദ്ധ്യാപകരുടെ അന്തർജില്ലാ സ്ഥലം മാറ്റം സംബന്ധിച്ച് പ്രത്യേകമായി നിലവിലിരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പിലാക്കുമ്പോൾ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് നിർദ്ദേശിച്ചിട്ടുള്ള പൊതുമാനദണ്ഡങ്ങൾ അതേപടി പാലിക്കാനാകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും അതിനാൽ പരാമർശം (1) ലെ മാനദണ്ഡങ്ങൾ തന്നെ പൊതുവിദ്യാഭ്യാസ വകുപ്പിൽ ബാധകമാക്കുന്നത് ഉചിതമാകുമെന്നും പരാമർശം(2) പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം പരിശോധിച്ചു. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ശിപാർശ പരിഗണിച്ച് 2021-22 വർഷം മുതൽ പൊതു വിദ്യാഭ്യാസ വകുപ്പിലെ അദ്ധ്യാപകരുടെ അന്തർജില്ലാ സ്ഥലം മാറ്റങ്ങൾക്ക് പരാമർശം (1)ൽ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ബാധകമാക്കി ഉത്തരവാകുന്നു.

3) ഈ ഉത്തരവിൻ പ്രകാരം അദ്ധ്യാപകരുടെ അന്തർജില്ലാ സ്ഥലംമാറ്റങ്ങൾ നടത്തുന്നതിന് അനുയോജ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ പൊതുവിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
A P M Mohammed Hanish
പ്രിൻസിപ്പൽ സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ,തിരുവനന്തപുരം
സെക്രട്ടറി,ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്
സെക്രട്ടറി,കേരള പബ്ലിക്ക്സർവ്വീസ് കമ്മീഷൻ,തിരുവനന്തപുരം
എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർക്കും/ജില്ല/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (പൊതു വിദ്യാഭ്യാസ ഡയറക്ടർ മഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ,കൈറ്റ്,തിരുവനന്തപുരം(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഡയറക്ടർ,വെബ്&ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്),കേരള,തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ),കേരള,തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്-ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പൊതു വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി എ യ്ക്ക്
പൊതു വിദ്യാഭ്യാസ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി എ യ്ക്ക്